പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2040 — 17.02. 2016 ൽ മറുപടിക്ക്

## എൽ.ഇ.ഡി.ബൾബുകളുടെ ഉപയോഗം

ചോദ്യം — ഉത്തരം

ശ്രീ. എ.എ.അസീസ് — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി സംരക്ഷണത്തിന്റെഭാഗമായി എൽ.ഇ.ഡി ബൾബുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; വിശദമാക്കുമോ? | (എ) സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കളിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഡൊമസ്റ്റിക്ക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്) എന്ന പേരിൽ ഒരു പദ്ധതി വൈദ്യുതി ബോർഡ് മുഖേന നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും 9 വാട്ടിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യും.<br>കെ.എസ് ഇ.ബി യും കേന്ദ്ര സർക്കാരിന്റെ നാഷണൽ എൽ.ഇ.ഡി. മിഷൻ പദ്ധതിയുടെ പങ്കാളിയായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ) എന്ന കേന്ദ്ര സർക്കാർ സ്ഥാപനവും തമ്മിലുള്ള ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ ഇ.ഇ.എസ്.എൽ ടെൻഡർ ക്ഷണിച്ച് തെരഞ്ഞെടുത്തിട്ടുള്ള ബജാജ്, വിപ്രോ, കോമ്പാക്ട് എന്നീ ഉൽപാദകരിൽ നിന്നുമാണ് ഈ പദ്ധതിക്കാവശ്യമായ എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നത്. ഇത്തരത്തിൽ 150 ലക്ഷം ബൾബുകൾ സൗജന്യ നിരക്കിൽ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ